8. മൽസ്യ സംസ്കരണ വ്യവസായം

9. കൈത്തറി വ്യവസായം.

10. കശുവണ്ടി വ്യവസായം

11. ഓയിൽ മില്ലുകൾ

12. എൽ. പി. ഗ്യാസ് ഏജൻസികൾ

(ഡി) ടിംബർ-പ്ലൈവുഡ് വ്യവസായം തീപ്പെട്ടി വ്യവസായം, പ്ലാന്റേഷൻ എന്നീമേഖലകളിൽ മിനിമം വേജസ് പുതുക്കുന്നതിനുള്ള അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ബാക്കിയുള്ള മേഖലകളിലും മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നിയമാനുസരണ നടപടികൾ പുരോഗമിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സമരവും അടച്ചുപൂട്ടലും

48 [2085] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെങ്കിലും പൊതുമേഖലാസ്ഥാപനത്തിൽ ജീവനക്കാർ ആനുകൂല്യങ്ങൾക്കുവേണ്ടി ഇപ്പോൾ സമരം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ നാല് വർഷത്തിനിടയ്ക്ക് ഏതെങ്കിലും പൊതുമേഖലാസ്ഥാപനം ജീവനക്കാരുടെ സമരം കാരണം അടച്ചുപൂട്ടേണ്ടി വന്നിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊല്ലം കല്ലുംതാഴത്തുള്ള കാപ്പക്സിന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറി, കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്, കോഴിക്കോട്, കുന്നത്തുറ ടെക്സ്റ്റൈൽസ് മുടത്തറ, മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, കോഴിക്കോട് എന്നീ സ്ഥാപനങ്ങളിൽ തൊഴിലാളികൾ ആനുകൂല്യങ്ങൾക്കുവേണ്ടി സമരം നടത്തുന്നുണ്ട്.

(ബി) ഇല്ല.

മരംകയറ്റ തൊഴിലാളികൾക്ക് അപകടമരണത്തിന് സാമ്പത്തിക സഹായം

49 [2086] ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരംകയറ്റ തൊഴിലാളികൾക്ക് തൊഴിൽ ചെയ്യുമ്പോൾ അപകടമരണവും അപകടവും ഉണ്ടായാൽ എത്ര രൂപ സാമ്പത്തിക സഹായം നൽകും ;

(ബി) ഈ രീതിയിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തൊഴിലാളി കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകി എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 16,000 രൂപ (പതിനായിരം രൂപ മാത്രം) വരെ മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതിപ്രകാരം ധനസഹായമായി നൽകി വരുന്നു.

(ബി) 2004-05 സാമ്പത്തിക വർഷത്തിൽ 31-10-2004 വരെയുള്ള കാലയളവിൽ 269 അപേക്ഷകർക്ക് ആയി 26,90,000 രൂപ (ഇരുപത്തിയാറു ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്.

മോട്ടോർ തൊഴിലാളികൾക്ക് ക്ഷേമനിധി സംരക്ഷണം

50 [2087] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ മോട്ടോർ തൊഴിലാളി ക്ഷേമനിധി നിയമത്തിന്റെ പരിധിയിൽ മുഴുവൻ മോട്ടോർ തൊഴിലാളികളേയും കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് കൈക്കൊള്ളുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി നിയമത്തിലും പദ്ധതിയിലും സമഗ്രമായ ഭേദഗതി വരുത്തി കേരളത്തിലെ മുഴുവൻ മോട്ടോർ തൊഴിലാളികളേയും ടി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള ശുപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

സംസ്ഥാന ടിംബർ—പ്ലൈവുഡ് തൊഴിലാളികൾക്ക് മിനിമം വേതനം

51 [2088] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ടിംബർ-പ്ലൈവുഡ് സ്ഥാപനങ്ങളിൽ അന്യ സംസ്ഥാനത്തുള്ള എത്ര പേർ തൊഴിലെടുക്കുന്നുണ്ടെന്ന വിവരം ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പേർ ;

(ബി) ഇവർക്ക് മിനിമം വേതനം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ മിനിമം വേതനം ലഭിക്കാനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ഏകദേശം 600 പേർ ജോലി ചെയ്തുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly